വിദ്യാഭ്യാസ അവകാശം
സർവ ശിക്ഷാ അഭിയാൻ

# പാദവാർഷിക മൂല്യനിർണയം 2017–2018

## സാമൂഹ്യശാസ്ത്രം

സ്റ്റാൻഡേർഡ് : 7 | സമയം : 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യ നിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ഏതെങ്കിലും എട്ടു ചോദ്യങ്ങൾക്ക് (പ്രവർത്തനങ്ങൾക്ക്) ഉത്തരം എഴുതിയാൽമതി.

**പ്രവർത്തനം : 1**

മനുഷ്യപുരോഗതിയുടെ ചരിത്രം ഉൽപാദനവർധനവുമായി ബന്ധപ്പെട്ടതാണ്. ഉൽപാദനവർധനവ് പുതിയ ബന്ധങ്ങൾ തേടാൻ മനുഷ്യനെ പ്രേരിപ്പിച്ചു.

എ. വ്യവസായ വിപ്ലവം ആരംഭിച്ച രാജ്യം ഏത്?

ബി. വ്യവസായ വിപ്ലവത്തിലേക്കു നയിച്ച സാഹചര്യങ്ങൾ എന്തെല്ലാം?

സി. വ്യവസായവിപ്ലവകാലത്തെ പ്രധാന കണ്ടുപിടുത്തങ്ങൾ എന്തെല്ലാം?

**പ്രവർത്തനം : 2**

മധ്യകാലഘട്ടത്തിൽ കല, സാഹിത്യം, ചരിത്രം എന്നിവയെല്ലാം തന്നെ മതപരമായ ആശയങ്ങ കേന്ദ്രീകരിച്ചായിരുന്നു. ലാറ്റിനും ഗ്രീക്കുമായിരുന്നു പണ്ഡിതഭാഷകൾ. വൈവിധ്യമാർന്ന ചിന്ത രചനകളി ഉണ്ടായിരുന്നില്ല. യുക്തിചിന്തയെക്കാൾ വിശ്വാസത്തിനായിരുന്നു പ്രാധാന്യം.

എ. പതിനാലാം നൂറ്റാണ്ടോടുകൂടി മാനവികത എന്ന കാഴ്ചപാട് ഉയർന്നു വന്നപ്പോൾ, ഇതിലെല്ലാ എന്തു തരത്തിലുള്ള മാറ്റങ്ങളാണ് ഉണ്ടായത്?

ബി. ഈ കാലഘട്ടത്തിലെ പ്രമുഖസാഹിത്യകാരന്മാർ ആരെല്ലാമായിരുന്നു?

**പ്രവർത്തനം : 3**

യുവജനോത്സവവേദിയിൽ ചവിട്ടുനാടകം ആസ്വദിക്കുമ്പോൾ ഇത് പ്രചരി പോർച്ചുഗീസുകാരെ നമ്മൾ ഓർക്കാറുണ്ടല്ലോ.

എ. പോർച്ചു ഗീസുകാരെ വിളിച്ചിരുന്ന മറ്റൊരു പേര് ?

ബി. അവർ ഇവിടെ കൊണ്ടുവന്ന കാർഷിക വിളകൾ ഏതെല്ലാമാണ്?

സി. ഇന്ത്യയിൽ കൂടുതൽ വാണിജ്യകേന്ദ്രങ്ങൾ സ്ഥാപിക്കാൻ പോർച്ചുഗീസുകാർക്ക് കഴിയ പോയതിന്റെ കാരണങ്ങൾ എന്തെല്ലാം?



പത്തൊമ്പതാം നൂറ്റാണ്ടിന്റെ
തുടക്കത്തിൽ ബ്രിട്ടീഷ്
അധീനതയിലുള്ള പ്രദേശങ്ങൾ



ബ്രിട്ടീഷ് അധീനതയിലുള്ള
പ്രദേശങ്ങൾ(1857ൽ )

പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും ഒന്നാം സ്വാതന്ത്ര്യസമര കാലത്തുമുള്ള ബ്രിട്ടീഷ് ഭരണപ്രദേശങ്ങളുടെ ഭൂപടങ്ങൾ നിരീക്ഷിക്കൂ.

**എ.** കൂടുതൽ പ്രദേശങ്ങൾ കീഴടക്കാൻ ബ്രിട്ടീഷുകാർ സ്വീകരിച്ച തന്ത്രങ്ങൾ എന്തെല്ലാമായിരുന്നു?

**ബി.** ഓരോ തന്ത്രത്തിലൂടെയും പിടിച്ചെടുത്ത രണ്ടു നാട്ടുരാജ്യങ്ങളുടെ വീതം പേരെഴുതുക:

**സി.** ബ്രിട്ടീഷുകാർ ഇന്ത്യയിൽ സ്ഥാപിച്ച ആദ്യ വാണിജ്യകേന്ദ്രം ഏതായിരുന്നു?

**പ്രവർത്തനം : 5**

ബ്രിട്ടീഷ് ആധിപത്യം കർഷകർ, നെയ്ത്തുകാർ, ഗോത്രവർഗക്കാർ എന്നിവരെയെല്ലാം ദ്രോഹിക്കുന്ന വിധത്തിലായിരുന്നു. ബംഗാളിലെ കാർഷിക മേഖല കീഴടക്കിയ അവർ കർഷകരെ അതിവേഗം പാപ്പരാക്കുന്ന പുതിയ പരിഷ്കാരങ്ങൾ കൊണ്ടുവന്നു.

**എ.** എന്തെല്ലാമായിരുന്നു ആ പരിഷ്കാരങ്ങൾ?

**ബി.** ഭക്ഷ്യവിളകൾക്കു പകരം ഏതു വിളകൾ കൃഷി ചെയ്യാനാണ് ബ്രിട്ടീഷുകാർ കർഷകരെ നിർബന്ധിച്ചത്? വിളകളുടെ പേരെഴുതുക.

**പ്രവർത്തനം : 6**

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ കൈത്തറി യുണിഫോം വ്യാപകമാക്കാൻ സർക്കാർ നടത്തിയശ്രമം ആ മേഖലയിൽ വലിയ ഉണർവ് സൃഷ്ടിച്ചിട്ടുണ്ട്.

**എ.** ഏതെല്ലാം ഏജൻസികളാണ് ഈ തുണി വിതരണം നടത്തുന്നത്?

**ബി.** ബംഗാളിലെ പട്ടുനൂൽ കൃഷിക്കാർ ഏതു പേരിൽ അറിയപ്പെട്ടു?

**സി.** ഒരു കാലത്ത് ഇന്ത്യയിൽ ശക്തമായി നിലനിന്നിരുന്ന കൈത്തറി മേഖലയെ തകർക്കാൻ ബ്രിട്ടീഷുകാർ പല തന്ത്രങ്ങളും സ്വീകരിക്കുകയുണ്ടായി.എന്തെല്ലാമായിരുന്നു ആ തന്ത്രങ്ങൾ?

**പ്രവർത്തനം : 7**

ബ്രിട്ടീഷുകാരുടെ കാലത്ത് പട്ടാള മേധാവികൾ വെള്ളക്കാരായിരുന്നു. എന്നാൽ ഇന്ത്യക്കാരെ മർദ്ദിക്കാൻ ഇന്നാട്ടുകാരെതന്നെ ശിപ്പായിമാരാക്കി നിയമിച്ചിരുന്നു. ബ്രിട്ടീഷുകാരുടെ ദാസന്മാരായിരിക്കേണ്ട ഈ പട്ടാളക്കാർ തന്നെയാണ് ഒന്നാം സ്വാതന്ത്ര്യസമരത്തിൽ അവർക്കെതിരായി അണിനിരന്നത്.

**എ.** ശിപ്പായിമാരെ ഇതിനു പ്രേരിപ്പിച്ച കാര്യങ്ങൾ എന്തെല്ലാമായിരുന്നു?

**ബി.** പട്ടാളക്കാർക്കിടയിൽനിന്ന് ആദ്യമായി പ്രതിഷേധമുയർത്തിയത് ആരായിരുന്നു?

**പ്രവർത്തനം : 8**

നിയമംമൂലം നിരോധിച്ചിട്ടും ഇന്നും നമ്മുടെ സമൂഹത്തിൽ നേരിയ തോതിൽ തുടർന്നു വരുന്ന ഒരു അനാചാരവും സാമൂഹ്യ തിന്മയുമാണ് സ്ത്രീധന സമ്പ്രദായം. ഇതുപോലെ മറ്റൊരു സാമൂഹ്യ തിന്മയാണ് നമ്മുടെ ആഡംബരം.

ഈ മുദ്രാവാക്യം ശ്രദ്ധിക്കൂ....

വന്നവരാരോ തിന്നവരാരോ
ഗൃഹനാഥന്നൊരു തിട്ടവുമില്ല
വിവാഹസദ്യയിൽ വിഭവസമൃദ്ധി
അതാണയാളുടെ അഭിമാനം

നിങ്ങൾ സാമൂഹ്യ തിന്മയായി കരുതുന്ന ഏതെങ്കിലും ഒരു പ്രവണതയെകുറിച്ച് അതിന്റെ പൊള്ളത്തരം വെളിവാക്കുന്ന ഒരു മുദ്രാവാക്യം രചിക്കൂ...

**പ്രവർത്തനം : 9**

ബ്രിട്ടീഷുകാർക്കെതിരായ വികാരം വളരാനും ദേശീയ ബോധം ഉടലെടുക്കാനും സഹായിച്ച സമരമായിരുന്നു 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരം.പക്ഷെ സമരം പരാജയപ്പെട്ടു.

**എ.** ഈ സമരം പരാജയപ്പെടാനുള്ള കാരണങ്ങൾ എന്തെല്ലാം?

**ബി.** സമരത്തോടനുബന്ധിച്ച് ആരെയാണ് ഇന്ത്യയുടെ ചക്രവർത്തിയായി പ്രഖ്യാപിച്ചത്?

**പ്രവർത്തനം : 10**

വലുപ്പത്തിൽ ഏഴാം സ്ഥാനവും ജനസംഖ്യയിൽ രണ്ടാം സ്ഥാനവുമുള്ള നമ്മുടെ രാജ്യം നൂറുകണക്കിനു ഭാഷകളാലും, വിഭിന്നങ്ങളായ വസ്ത്രധാരണരീതികൾ കൊണ്ടും വൈവിധ്യമാർന്ന രാജ്യമാണ്

**എ.** ബ്രിട്ടീഷുകാരുടെ കാലത്ത് നമ്മുടെ ദേശീയ ബോധംവളർത്താൻ സഹായിച്ച ഘടകങ്ങൾ എന്തെല്ലാം?

**ബി.** അക്കാലത്തെ ദേശീയബോധവളർച്ചയ്ക്ക് സഹായകമായി സാഹിത്യ രംഗത്ത് നിലകൊണ്ടവർ ആരെല്ലാം?